LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്കരണം

17 (*36) ശ്രീ. എം. എം. ഹസ്സൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യസംസ്കരണത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കാനുദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എത്ര മുനിസിപ്പാലിറ്റികളിൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) ഉണ്ട്. 2000-ാമാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-3-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 40/04 പ്ലാനിംഗ് പ്രകാരവും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുത്തിട്ടുണ്ട്. ഇതിൻപ്രകാരം മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിക്കുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിലും സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഇത് നടപ്പിൽ വരുത്തുന്നതിനു വേണ്ടി ഭാഗിക സാമ്പത്തിക സഹായവും ക്ലീൻ കേരള മിഷൻ നൽകിവരുന്നു. ഇതുവരെയായി 41 മുനിസിപ്പാലിറ്റികൾ സംയോജിത ഖരമാലിന്യപരിപാലന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 27 മുനിസിപ്പാലിറ്റികൾക്ക് സാങ്കേതിക അനുമതി നൽകുകയും അതിൽ 25 മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തിക സഹായവും ക്ലീൻ കേരള മിഷൻ നൽകിയിട്ടുണ്ട്.

അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് നടപടി

18 (*38) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമ്പത്തിക പ്രതിസന്ധിമൂലവും മറ്റും അടച്ചുപൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് കശുവണ്ടി വികസന കോർപ്പറേഷനെയോ കാപ്പെക്സിനെയോ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാങ്കേതികവിദ്യയും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷനും കാപ്പക്സും വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും കശുവണ്ടി വ്യവസായ രംഗത്തെ മറ്റു ബുദ്ധിമുട്ടുകൾ കൊണ്ടും സർക്കാരിന്റെ സാമ്പത്തികനില പരിഗണിച്ചും അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പ്

19 (*39) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ തദ്ദേശസ്വയംഭരണ സമിതികൾ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരേയും മുനിസിപ്പൽ ചെയർമാൻമാരേയും കോർപ്പറേഷൻ മേയർമാരേയും വിളിച്ചുകൂട്ടി അവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ അവരുമായി ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ അപ്രകാരം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 31-3-2004-ലെ ജി.ഒ.(എംഎസ്)40/2004/പ്ലാനിംഗ് എന്ന സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. 2006-07-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സമയവിവര പട്ടിക 24-12-2005-ലെ ജി.ഒ.(ആർടി.) നമ്പർ 425/05/പ്ലാനിംഗ് എന്ന സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) ഉണ്ട്. പദ്ധതി നിർവ്വഹണത്തെപ്പറ്റിയും പൊതുജനങ്ങൾക്കുള്ള സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിലുള്ള തുക ചെലവഴിക്കുന്നതിനെപ്പറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ച നടത്തിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly